**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5412** **12-08-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ളതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരിച്ചു നല്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വായ്പ കുടിശ്ശിക, GDCS കുടിശ്ശിക എന്നീയിനങ്ങളിൽ സംഘത്തിലേയ്ക്ക് വരുന്ന പണം വിവാഹം, ചികിത്സ തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾക്ക് ബാങ്കിനെ സമീപിക്കുന്ന നിക്ഷേപകർക്ക് നൽകി വരുന്നു. |
| (ബി) | ഭീമമായ വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സംഘത്തിന്റെ 2019-20 വർഷം വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 50.97 കോടി രൂപയുടെ നിക്ഷേപ ബാക്കിനിൽപ്പും 60.48 കോടി രൂപയുടെ വായ്പാ ബാക്കിനിൽപ്പും ഉണ്ട്. വായ്പാ ബാക്കി നിൽപ്പിൽ 49.85 കോടി രൂപ കുടിശ്ശികയാണ്. കുടിശ്ശിക വായ്പകളിന്മേൽ 44.5 കോടി രൂപയ്ക്ക് നിയമാനുസരണം രജിസ്റ്റേർഡ് നോട്ടീസ് നൽകി യിട്ടുള്ളതാണ്. 382 വായ്പാ ഫയലുകളി ലായി 22.35 കോടി രൂപയുടെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിരിക്കുന്നു. കൂടാതെ 6.98 കോടി രൂപയുടെ എക്സിക്യൂഷൻ പെറ്റീഷൻ നില നിൽക്കുന്നു. 31.03.2020 തീയതി വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. നിലവിലെ വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി കേരള സർക്കാരിന്റെ നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി പ്രകാരമുള്ള അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. 01.01.2019 മുതൽ 31.03.2021വരെ കാലയളവിൽ 'നവകേരളീയം കുടിശ്ശിക നിവാരണം' പദ്ധതി പ്രകാരം 12 ദിവസങ്ങളിൽ അദാലത്ത് സംഘടിപ്പി ക്കുകയും 261 വായ്പകളിന്മേൽ പലിശ, പിഴപലിശ, മറ്റിനം ചെലവുകൾ എന്നിവയിലായി 73.69 ലക്ഷം രൂപയുടെ ആനുകൂല്യം കുടിശ്ശിക വായ്പക്കാർക്ക് ലഭ്യമാക്കുകയും ചെയ്തു. (ടി ബാങ്കിന് പ്രത്യേകമായി 03.12.2019 മുതൽ 31.12.2019 വരെ കാലയളവിൽ രൊക്കം പണമടച്ച് തീർപ്പാക്കുന്നവർക്ക് 'നവകേരളീയം കുടിശ്ശിക |

| | | | |
|---|---|---|---|
| | | | നിവാരണം-2019' പദ്ധതി പ്രകാരമുള്ള നിയമാനുസൃത ഇളവുകൾ നൽകുന്നതിന് ബാങ്കിന് അനുവാദം നൽകിയിരുന്നു.) 2019 ജൂലൈ മുതൽ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി നിലവിൽ വന്ന മൊറോട്ടോറിയവും തുടർന്ന് കോവിഡ്-19 മഹാമാരിയുടെ ഭാഗമായി 31.03.2021 വരെ നിലനിന്ന മോറോട്ടോറിയവും നിമിത്തം കുടിശ്ശിക വായ്പകളിന്മേൽ നിയമാനുസരണ നട പടികൾ കൈക്കൊള്ളുന്നതിന് കഴിഞ്ഞിരുന്നില്ല. |
| (സി) | വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള കോവിഡ് സാഹചര്യത്തിലെ നിയന്ത്രണങ്ങൾ നീക്കുമോയെന്നും വായ്പയുടെ പലിശ നിരക്കിൽ ഇളവ് നൽകുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുമോയെന്നും വ്യക്തമാക്കാമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ